ഉത്തരം

(എ) ഉണ്ട്. കുഞ്ചാലുംമൂട് ഭാഗത്ത് അവിടെ നിലവിലുള്ള അറവുശാലകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ അനധികൃതമായി മാൻഹോളുകളിൽ നിക്ഷേപിക്കുന്നതുകൊണ്ടാണ് സ്വീവേജ് ഈ ഭാഗത്തും കവിഞ്ഞൊഴുകി പത്രങ്ങളിലും മറ്റും ഫോട്ടോ വരാൻ ഇടയായത്. ഇത് തടയുന്നതിന് കോർപ്പറേഷൻ അധികൃതരുമായി പലതവണ ബന്ധപ്പെട്ടിട്ടുണ്ട്.

എന്നാൽ തമ്പാനൂർ, മോഡൽസ്കൂൾ ജംഗ്ഷൻ, ശാസ്തമംഗലം, പാലോട്ടുകോണം, കരമന തുടങ്ങിയ താഴ്ന്ന പ്രദേശങ്ങളിലെ ചില മാൻഹോളുകളിൽ കൂടി, പ്രത്യേകിച്ച് മഴക്കാലങ്ങളിൽ സ്വീവേജ് കവിഞ്ഞൊഴുകുന്നു. വീടുകളുടെ ടെറസിൽനിന്നും, വീട്ടുവളപ്പിൽനിന്നും മഴ വെള്ളം സ്വീവേജ് കുഴലുകളിലേയ്ക്ക് ഒഴുക്കിവിടുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. തിരുവനന്തപുരം നഗരത്തിൽ മഴവെള്ളം ഒഴുക്കിവിടുന്നതിന് ഓടകൾ നിർമ്മിക്കുകയും അതു ശരിയായ രീതിയിൽ സംരക്ഷിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ സ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാവുകയുള്ളൂ.

കൂടാതെ തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ നിലവിലുള്ള സ്വീവേജ് കുഴലുകൾ 1975 കാലഘട്ടത്തിലെ ജനസംഖ്യയ്ക്ക് അനുസരണമായി രൂപകൽപ്പന ചെയ്തവയാണ്. ആയതിനാൽ ഇപ്പോൾ ഈ കുഴലുകൾ അവയുടെ സ്ഥാപിതശേഷിയേക്കാൾ വളരെ കൂടുതൽ സ്വീവേജ് ഉൾക്കൊള്ളുന്നവയാണ്. തിരുവനന്തപുരം നഗരത്തിലെ നിലവിലുള്ള സ്വീവേജ് സംവിധാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ റിപ്പോർട്ട് (Strengthening and Rehabilitation of Existing sewage scheme in Trivandrum of Rs. 1098.20 lakhs) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ മേൽപ്പറഞ്ഞ താഴ്ന്ന പ്രദേശങ്ങളിലെ മാൻഹോളുകൾ കവിഞ്ഞൊഴുകുന്നത് ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്.

(ബി) ഉണ്ട്. ഇത് തടയുന്നതിന് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ അതോറിറ്റിയുടെ ഭാഗത്തുനിന്നും ചെയ്യുന്നുണ്ട്.

84 (1190) കെ.ഐ.പി.യുടെ കോന്നി ഡിസ്ട്രിബ്യൂട്ടറിയുടെ അറ്റകുറ്റപ്പണികൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഐ.പി.യുടെ കോന്നി ഡിസ്ട്രിബ്യൂട്ടറിയുടെ അറ്റകുറ്റപ്പണികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഭാഗങ്ങളിലാണ് അറ്റകുറ്റപ്പണികൾ നടത്താൻ ഉള്ളതെന്നും അറ്റകുറ്റപ്പണികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) കോന്നി ഡിസ്ട്രിബ്യൂട്ടറിയിലുള്ള കനാൽഭാഗങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി എന്നത്തേയ്ക്ക് വെള്ളം തുറന്നുവിടാൻ യോഗ്യമാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1999 ഡിസംബറിനു മുമ്പ് പൂർത്തിയാക്കാമെന്ന് കരുതുന്നു.

(ബി) കോന്നി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 17200 മുതൽ 22125 വരെയുള്ള ഭാഗങ്ങളിലാണ് അറ്റകുറ്റപ്പണികൾ നടത്താനുള്ളത്. ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) കെ.ഐ.പി.യുടെ കോന്നി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 17200 മുതൽ 22125 വരെയുള്ള ഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി അടുത്ത സീസണിനു മുമ്പ് വെള്ളം തുറന്നുവിടാൻ കഴിയുമെന്നു കരുതുന്നു.

85 (1191) വി.സി.ബി. നിർമ്മിക്കാൻ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് വെള്ളം നൽകുന്നതിനുവേണ്ടി മലപ്പുറം ജില്ലയിലെ തിരുവാലി പഞ്ചായത്തിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ വി.സി.ബി. നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വി.സി.ബി. നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) യൂറോപ്യൻ സഹായമുള്ളതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റു ഏജൻസികളിൽ നിന്നോ കൃഷിക്കാർക്ക് ഒരു സഹായവും ലഭിക്കുന്നില്ലാ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അടിയന്തിരമായി വി.സി.ബി. നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4.75 ലക്ഷം രൂപ ചെലവു വരുന്ന ഒരു വി.സി.ബി. നിർമ്മാണത്തിന് 4.6.99-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി ഭരണാനുമതി നൽകി, അനന്തര നടപടി സ്വീകരിക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

86 (1192) കായംകുളം താപനിലയത്തിലെ ഐ.ആർ.സി.

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിലെ ഐ.ആർ.സി. രൂപീകരിച്ചിട്ട് എത്ര വർഷമായി;

(ബി) ഇതിനുശേഷം ഐ.ആർ.സി.യുടെ എത്ര യോഗങ്ങൾ നടന്നു;

LIBRARY ARCHIVES Kerala Legislative Assembly